## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1600 | | 10.02.2020-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ഖര മാലിന്യസംസ്കരണത്തിന് നടപടി | | | |
| ശ്രീ.പി.കെ.ബഷീർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഖര മാലിന്യസംസ്കരണത്തിനായി പുതുതായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഹരിതകേരളം എന്ന ലക്ഷ്യം നേടുന്നതിനായി സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനും ജനപങ്കാളിത്തത്തോടെ ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുമായി ഉറവിട മാലിന്യ സംസ്കരണത്തിനാണ് ഊന്നൽ നൽകുന്നത്. ഇതിനനുസൃതമായി സംസ്ഥാനത്ത് ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള ഉറവിടമാലിന്യ സംസ്കരണ പദ്ധതികൾ ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ നടപ്പിലാക്കി വരുന്നു. ഗാർഹിക സ്ഥാപന തലങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനമൊരുക്കാൻ കഴിയാത്തവർക്കായി കമ്മ്യൂണിറ്റി തലങ്ങളിൽ തുമ്പൂർമൂഴി മാതൃകയിൽ എയ്റോബിക് കമ്പോസ്റ്റിംഗ് ബിന്നുകൾ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടപ്പിലാക്കി വരുന്നുണ്ട്. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകർമ്മ സേന രൂപീകരിച്ച്, അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ രണ്ടാംഘട്ട തരംതിരിവിനും, പുന:ചംക്രമണ സാധ്യത ഉള്ളവ പുന:ചംക്രമണം നടത്തുന്നതിലേയ്ക്ക് കൈമാറുന്നതിനും പുന:ചംക്രമണ സാധ്യത കുറവുള്ള പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്യുന്നതിലേയ്ക്ക് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സ്ഥാപിച്ചു വരുന്നു. സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് ഇപ്രകാരമുള്ള Waste – to – Energy പ്ലാന്റുകൾ സ്ഥാപിക്കുന്നത്. കോഴിക്കോട് ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള കരാർ ഒപ്പുവച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ മാലിന്യസംസ്കരണ പദ്ധതികൾക്ക് പരമാവധി പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഹരിത കേരളം മിഷന്റെയും ശുചിത്വ മിഷന്റെയും ആഭിമുഖ്യത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തിയാണ് ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച്, തരംതിരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടപ്പിലാക്കി വരുന്നത് |

| | | | |
|---|---|---|---|
| (സി) | ജൈവ-അജൈവ മാലിന്യങ്ങൾ വീട്ടുകളിൽ നിന്നും യൂസർഫീയുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ മുഖേനയോ അല്ലെങ്കിൽ ഹരിത കർമസേന മുഖേനയോ ശേഖരിച്ച് സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | സ്വീകരിച്ചിട്ടുണ്ട്. ജൈവ - അജൈവ മാലിന്യങ്ങൾ വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീയുടെ അടിസ്ഥാനത്തിൽ ശേഖരിച്ച് സംസ്കരിക്കുന്നതിനായാണ് ഹരിത കർമസേന എന്ന സ്വയം സംരംഭക സംവിധാനം രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ആകെ 812 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മ സേന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | വൻതോതിൽ മാലിന്യങ്ങൾ ഉണ്ടാകുന്ന ചന്തകൾ, അറവുശാലകൾ, കല്യാണമണ്ഡപങ്ങൾ, വൻകിട ഹോട്ടലുകൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്; വിശദമാക്കാമോ; | (ഡി) | ചന്തകളിലെ മാലിന്യ സംസ്കരണത്തിന് ഓരോ ചന്തകളുടെയും നേരിട്ടുള്ള ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉത്തരവാദിത്തവും ഉറപ്പാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകി മാർക്കറ്റുകളിൽ ശുചിത്വ-മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തി ആധുനികവൽക്കരിക്കുന്നതിനുള്ള കർമ്മപദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 30.09.2019-ലെ സ.ഉ(ആർ.റ്റി) നം. 2141/2019/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി&ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന അറവുശാലകൾ, കല്യാണമണ്ഡപങ്ങൾ, വൻകിട ഹോട്ടലുകൾ എന്നിവിടങ്ങളിൽ മാലിന്യങ്ങൾ തരം തിരിച്ച് ജൈവ മാലിന്യങ്ങൾ വേർ തിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണ് എന്ന് 22-07-2017-ലെ സ.ഉ (സാധാ) നമ്പർ 2511/2017/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുതായി ഡി & ഒ ലൈസൻസിന് അപേക്ഷിക്കുന്ന മേൽ പറഞ്ഞ രീതിയിലുള്ള സ്ഥാപനങ്ങൾ മേൽവിവരിച്ച രീതിയിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി&ഒ ലൈസൻസ് ഇനി മേലിൽ നൽകാവൂ എന്ന് ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ പ്രത്യേകമായി ശേഖരിച്ച് പ്രത്യേകം ഫീസ് ഒടുക്കി, സംസ്കരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അറവുമാലിന്യങ്ങൾ, കോഴിമാലിന്യങ്ങൾ എന്നിവ ജില്ലാതലത്തിൽ പി.പി.പി മോഡലിൽ തയ്യാറാക്കുന്ന പദ്ധതികൾ മുഖേന സംസ്കരിക്കേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കുള്ള പിഴയും | (ഇ) | പിഴ വർധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

<table>
<tr>
<td></td>
<td>ശിക്ഷയും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;</td>
<td></td>
<td></td>
</tr>
<tr>
<td>(എഫ്)</td>
<td>കേരളത്തിൽ എവിടെല്ലാമാണ് ആധുനിക സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ജൈവ-അജൈവ മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്; വെളിപ്പെടുത്താമോ?</td>
<td>(എഫ്)</td>
<td>11.06.2018-ലെ സ.ഉ(കൈ)നം. 82/2018/ത.സ്വ.ഭവ. പ്രകാരം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് താഴെ പറയുന്ന സ്ഥലങ്ങളിൽ ഖരമാലിന്യം സംസ്കരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പ്ലാന്റുകൾ തുടങ്ങുന്നതിനാണ് നയപരമായ തീരുമാനമെടുത്തിരുന്നത്.
<table>
<tr><th>ക്രമ നമ്പർ</th><th>ജില്ല</th><th>സ്ഥലം</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>പെരിങ്ങമ്മല</td></tr>
<tr><td>2</td><td>കൊല്ലം</td><td>കുരീപ്പുഴ</td></tr>
<tr><td>3</td><td>തൃശ്ശൂർ</td><td>ലാലൂർ</td></tr>
<tr><td>4</td><td>പാലക്കാട്</td><td>കഞ്ചിക്കോട്</td></tr>
<tr><td>5</td><td>മലപ്പുറം</td><td>പാണക്കാട്</td></tr>
<tr><td>6</td><td>കോഴിക്കോട്</td><td>ഞെളിയംപറമ്പ്</td></tr>
<tr><td>7</td><td>കണ്ണൂർ</td><td>ചേലോറ</td></tr>
</table>
മേൽ പരാമർശിച്ച സ്ഥലങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമലയും തൃശ്ശൂർ ജില്ലയിലെ ലാലൂരിനും പകരമായി പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>
കൊച്ചിയിലെ ബ്രഹ്മപുരത്ത് മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന പ്ലാന്റ് നിർമ്മിക്കുന്നതിനാവശ്യമായ അനുമതികൾ എല്ലാം ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിലാണ്. ഇതോടൊപ്പം ഇടുക്കി ജില്ലയിലെ മൂന്നാറിൽ ഒരു വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ